LIBRARY ARCHIVES Kerala Legislative Assembly

അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക്ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികമെന്ന നിഗമനത്തിലെത്തിച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാന്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു.

മൂന്നാർ കോളനി തോട് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

174(2210) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വഴി 2019/8626/റ്റി.എ. നമ്പരായി 2021-22 എഫ്.ഡി. വർക്ക് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെട്ട മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ച് സാമ്പത്തികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബണ്ട് റോഡ് നിർമ്മാണം

175(2211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;